# സെൻസസ് 2027 – സെൽഫ് എന്യൂമറേഷൻ സംവിധാനം

https://se.census.gov.in

**എന്താണ് സെൽഫ്-എന്യൂമറേഷൻ?**

സെൻസസ് ചരിത്രത്തിൽ ആദ്യമായി, ' **സെൽഫ്-എന്യൂമറേഷൻ** ' (എസ് ഇ) രീതി സാധാരണ കുടുംബങ്ങളിലെ വിവരങ്ങൾ നൽകുന്നവർക്ക് സുരക്ഷിതമായ ഒരു വെബ് പോർട്ടൽ വഴി സ്വന്തം സെൻസസ് ഷെഡ്യൂൾ പൂരിപ്പിക്കാൻ അനുവദിക്കുന്നു.


**സമയക്രമം: 2026 ജൂൺ 16 മുതൽ 30 വരെ.**

**പൊതുജനങ്ങൾക്കായുള്ള SE പ്രക്രിയ**


- മൊബൈൽ നമ്പർ ഉപയോഗിച്ചുള്ള ലോഗിൻ & ഭാഷ തിരഞ്ഞെടുക്കൽ
- മാപ്പിൽ ആവശ്യമായ ലൊക്കേഷൻ അടയാളപ്പെടുത്തൽ
- ചോദ്യാവലി പൂരിപ്പിക്കൽ & എസ് ഇ റഫറൻസ് ഐഡി ജനറേറ്റ് ചെയ്യൽ
- എന്യൂമറേറ്ററുടെ പരിശോധന & സേവ്/എഡിറ്റ് ചെയ്യൽ

**SE പോർട്ടൽ ലോഗിൻ**

- SE പോർട്ടൽ : se.census.gov.in





- സംസ്ഥാനത്തിന്റെ/കേന്ദ്രഭരണ പ്രദേശത്തിന്റെ പേരും ക്യാപ്ചയും രേഖപ്പെടുത്തുക.
- സ്വാഗത സന്ദേശം – ദ്വിഭാഷ – ഹിന്ദിയും ഇംഗ്ലീഷും.




- കുടുംബനാഥൻ / കുടുംബനാഥയുടെ പേര്, കുടുംബത്തിലെ ഏതെങ്കിലും ഒരു അംഗത്തിന്റെ മൊബൈൽ നമ്പർ, ഇമെയിൽ ഐഡി (നിർബന്ധമില്ല) എന്നിവ രേഖപ്പെടുത്തുക.

➢ കുടുംബനാഥൻ / കുടുംബനാഥയുടെ പേര് നൽകുന്ന കോളത്തിൽ “ദയവായി കുടുംബനാഥന്റെ / കുടുംബനാഥയുടെ പേര് കൃത്യമായി രേഖപ്പെടുത്തുക. ഒരിക്കൽ രജിസ്റ്റർ ചെയ്താൽ പിന്നീട് ഇത് മാറ്റാൻ സാധ്യമല്ല” എന്നൊരു **പോപ്പ്-അപ്പ് സന്ദേശം** ദൃശ്യമാകും.

➢ ഒരു കുടുംബത്തിന്റെ സെൽഫ്-എന്യൂമറേഷനായി ഒരു മൊബൈൽ നമ്പർ ഒരു തവണ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഒരിക്കൽ നല്കിയ മൊബൈൽ നമ്പർ മറ്റൊരു വീടിനായി ഉപയോഗിക്കാൻ സാധിക്കില്ല.




- ഭാഷ തിരഞ്ഞെടുത്ത് താങ്കളുടെ മൊബൈലിൽ ലഭിച്ച ഒ.ടി.പി രേഖപ്പെടുത്തുക.

➢ ഭാഷ തിരഞ്ഞെടുക്കാനുള്ള നിർദ്ദേശം ദൃശ്യമാകുന്നതാണ്. ഒരിക്കൽ തിരഞ്ഞെടുക്കുന്ന ഭാഷ പിന്നീട് മാറ്റാൻ സാധിക്കില്ല.

**SE പ്രക്രിയ – താങ്കൾ താമസിക്കുന്ന സ്ഥലം അടയാളപ്പെടുത്തൽ**

1. SE വഴി തങ്ങളുടെ ലൊക്കേഷൻ തിരയുമ്പോൾ സംസ്ഥാനവും ജില്ലയും തിരഞ്ഞെടുക്കൽ നിർബന്ധമാണ്.
2. പിൻകോഡ് എന്ന ഓപ്ഷണൽ ഫീൽഡിൽ വിവരങ്ങൾ രേഖപ്പെടുത്തുക.
3. താങ്കൾ താമസിക്കുന്ന സ്ഥലത്തെ ഗ്രാമം, നഗരം, പ്രദേശം അല്ലെങ്കിൽ അടുത്തുള്ള ഏതെങ്കിലും ലാൻഡ്മാർക്ക് എന്നിവ നൽകുക.
4. താഴേക്ക് വരുന്ന ലിസ്റ്റിൽ കാണിക്കുന്ന നിർദ്ദേശിത സ്ഥലപ്പേരുകളിൽ നിന്ന് തിരഞ്ഞെടുക്കുക.
5. 'Search' എന്നതിൽ ക്ലിക്ക് ചെയ്യുക.
6. റെഡ് മാർക്കർ മാപ്പിൽ താങ്കൾ തിരഞ്ഞെടുത്ത ഗ്രാമം/നഗരം/പ്രദേശം/ലാൻഡ്മാർക്ക് എന്നിവയെ സൂചിപ്പിക്കുന്നു.
7. മാർക്കർ ക്രമീകരിച്ച് താങ്കൾ താമസിക്കുന്ന കെട്ടിടത്തിന് മുകളിൽ കൃത്യമായി വെക്കുക. [പോപ്പ് അപ്പ് : "ദയവായി മാപ്പിൽ നിങ്ങളുടെ വീടിനു മുകളിൽ മാർക്കർ വലിച്ചിടുക" (ഡ്രാഗ് ചെയ്യുക) എന്ന് മെസേജ് കാണിക്കും].
8. 'Save & Next' ക്ലിക്ക് ചെയ്യുക.
9. തിരഞ്ഞെടുത്ത ലൊക്കേഷൻ 'Confirm' ചെയ്യാൻ താങ്കളോട് ആവശ്യപ്പെടുന്നതാണ്. (ശ്രദ്ധിക്കുക: താങ്കൾ തെറ്റായ ലൊക്കേഷനാണ് നൽകുന്നതെങ്കിൽ, SE വിവരങ്ങൾ എന്യൂമറേറ്റർക്ക് ലഭ്യമാകില്ല).

10. സ്ഥിരീകരിച്ചു കഴിഞ്ഞാൽ, എച്ച്.എൽ.ഒ ചോദ്യങ്ങൾ പൂരിപ്പിക്കുന്നതിനുള്ള പേജ് ദൃശ്യമാകുന്നതാണ്.

11. ചോദ്യങ്ങൾ വായിച്ചു നോക്കി പൂരിപ്പിക്കുക.

12. ചോദ്യങ്ങളിൽ കെട്ടിട നമ്പർ, സെൻസസ് ഹൌസ് നമ്പർ, സെൻസസ് ഹൌസിന്റെ ഉപയോഗം, വീട്ടു നമ്പർ എന്നിവ, എന്യൂമറേറ്റർ വീട് സന്ദർശിക്കുന്ന സമയത്ത് പൂരിപ്പിക്കും.

13. ചോദ്യങ്ങൾ പൂരിപ്പിക്കുന്നതിനുള്ള സഹായത്തിനായി ഓരോ ചോദ്യത്തിന്റെയും താഴെയുള്ള ടൂൾ ടിപ്പുകൾ, FAQ എന്നിവ ഉപയോഗിക്കാം.

14. പ്രിവ്യൂ : നല്കിയ ഡാറ്റ വീണ്ടും പരിശോധിക്കാൻ പ്രിവ്യൂ സ്ക്രീൻ ഉപയോഗിക്കാം.

15. പരിശോധിച്ച് സംതൃപ്തനാണെങ്കിൽ "ഫൈനൽ സബ്മിറ്റ്" ബട്ടൺ ക്ലിക്ക് ചെയ്യുക.

16. അതിന് ശേഷം എന്തെങ്കിലും മാറ്റം വരുത്തണം എങ്കിൽ എന്യൂമറേറ്റർ വീട് സന്ദർശിക്കുന്ന സമയത്ത് സാധിക്കും.

സെൽഫ് എന്യൂമറേഷൻ ഐ ഡി ലഭിക്കൽ : വിജയകരമായി സബ്മിറ്റ് ചെയ്തു കഴിഞ്ഞാൽ H ൽ തുടങ്ങുന്ന 11 അക്കങ്ങളുള്ള ഒരു സവിശേഷ ഐ ഡി നിങ്ങൾക്ക് ലഭിക്കും. അത് സൂക്ഷിച്ചു വയ്ക്കുക, എന്യൂമറേറ്റർ വീട് സന്ദർശിക്കുന്ന സമയത്ത് SE ഐ ഡി അവർക്ക് നല്കുക. SE ഐ ഡി, എസ് എം എസ് മുഖേനയും, ഇമെയിൽ നല്കിയിട്ടുണ്ട് എങ്കിൽ മെയിലിലും ലഭിക്കും, ഇത് കുറിച്ച് വയ്ക്കുന്നത് പിന്നീട് നഷ്ടപ്പെടാതിരിക്കാൻ സഹായിക്കും.

**കുടുംബത്തിന്റെ പങ്ക്: ഡാറ്റ നൽകൽ, "എന്യൂമറേറ്റർമാർ സന്ദർശിക്കുമ്പോൾ SE ഐഡി അവരുമായി പങ്കിടുക."**

# സെൻസസ് 2027
# സെൽഫ്-എന്യൂമറേഷൻ ഫ്ലോ ചാർട്ട്



## വിഭാഗം 1: പ്രവേശനവും പ്രാരംഭ രജിസ്ട്രേഷനും

### 1. പോർട്ടൽ ആക്സസ്സും ലോഗിനും

https://se.census.gov.in സന്ദർശിക്കുക, സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം തിരഞ്ഞെടുക്കുക, ക്യാപ്ച നൽകുക.

### 2. കുടുംബ രജിസ്ട്രേഷൻ

കുടുംബനാഥന്റെ/നാഥയുടെ പേര്, 10 അക്ക മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി (നിർബന്ധമല്ല) എന്നിവ നൽകുക.

⚠ കുടുംബനാഥന്റെ/നാഥയുടെ പേര് പിന്നീട് മാറ്റാൻ കഴിയുകയില്ല

⚠ ഒരു കുടുംബത്തിന് ഒരു മൊബൈൽ നമ്പർ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളു ; ഒരിക്കൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ, അതേ നമ്പർ മറ്റ് കുടുംബങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുകയില്ല.

## വിഭാഗം 2: സ്ഥിരീകരണവും ലൊക്കേഷൻ തിരിച്ചറിയലും

### 3. ഭാഷയും ഒടിപി (OTP) പരിശോധനയും

⚠ തിരഞ്ഞെടുത്ത ഭാഷ പിന്നീട് മാറ്റാൻ കഴിയുകയില്ല.

ഇഷ്ടപ്പെട്ട ഭാഷ തിരഞ്ഞെടുക്കുക, കൂടാതെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയച്ച ഒ.ടി.പി നൽകുക.

### 4. ലൊക്കേഷൻ വിവരങ്ങൾ നൽകുക

ജില്ല തിരഞ്ഞെടുക്കുക, കൂടാതെ പിൻ, വില്ലേജ്/ടൗൺ/സ്ഥലം എന്നിവ നൽകുക.



### 5. നിങ്ങളുടെ താമസസ്ഥലം മാപ്പിൽ കണ്ടെത്തുക

കൃത്യമായ താമസ സ്ഥലം തിരിച്ചറിയുന്നതിനും ലൊക്കേഷൻ സ്ഥിരീകരിക്കുന്നതിനുമായി മാപ്പിലെ ചുവന്ന അടയാളം ചലിപ്പിക്കുക.

Social Media Cell
Wayanad

## വിഭാഗം 3: ഡാറ്റാ എൻട്രിയും അന്തിമ സമർപ്പണവും

### 6. ചോദ്യാവലി പൂർത്തീകരിക്കുക

ടൂൾടിപ്പുകൾ, പതിവു ചോദ്യങ്ങൾ, 'അത്യാവശ്യ വിവരങ്ങൾ' എന്നിവയുടെ സഹായത്തോടെ വീടുകളുടെ പട്ടിക തയ്യാറാക്കലും വീടുകളുടെ കണക്കെടുപ്പ് ചോദ്യാവലി പൂരിപ്പിക്കുക.

### 7. പ്രിവ്യൂവും പരിശോധനയും

നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും പരിശോധിക്കാൻ പ്രിവ്യൂ സ്ക്രീൻ ഉപയോഗിക്കുക; എൻട്രികളിൽ മാറ്റം വരുത്താനോ, പിന്നീട് സമർപ്പിക്കുന്നതിനായി ഡ്രാഫ്റ്റ് ആയി സേവ് ചെയ്യുവാനോ അല്ലെങ്കിൽ ഫൈനൽ ആയി സബ്മിറ്റ് ചെയ്യുവാനോ സാധിക്കുന്നതാണ്.

### 8. അവസാന സമർപ്പണം

വിവരങ്ങൾ സമർപ്പിക്കുന്നതിന് **"Final Submit"** ക്ലിക്ക് ചെയ്യുക; ഫൈനൽ സബ്മിഷന് ശേഷം മാറ്റങ്ങൾ വരുത്താൻ കഴിയുകയില്ല.

**എസ് ഇ ഐഡി സൃഷ്ടിക്കൽ**

വിവരങ്ങൾ സമർപ്പിച്ചു കഴിയുമ്പോൾ, "H" എന്ന് തുടങ്ങുന്ന 11 അക്കങ്ങളുള്ള ഒരു പ്രത്യേക എസ് ഇ ഐഡി സൃഷ്ടിക്കപ്പെടുകയും അത് എസ്.എം.എസ്, ഇ-മെയിൽ (നൽകിയിട്ടുണ്ടെങ്കിൽ) എന്നിവ വഴി ലഭിക്കുകയും ചെയ്യും.

## വിഭാഗം 4: ഫീൽഡ് പരിശോധന



### 9. എന്യൂമറേറ്ററുടെ സന്ദർശനം

എന്യൂമറേറ്റർ വീട് സന്ദർശിക്കുമ്പോൾ, എസ് ഇ ഐഡി അവരുമായി പങ്കുവെക്കുക.

**എസ് ഇ ഐഡി പൊരുത്തപ്പെടുന്നതിന്റെ ഫലങ്ങൾ**

എസ് ഇ ഐഡി നിലവിലുള്ള ഒരു റെക്കോർഡുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിൽ, വിവരങ്ങൾ സ്ഥിരീകരിച്ച് സമർപ്പിക്കുന്നു; പൊരുത്തപ്പെടുന്നില്ലെങ്കിൽ, എന്യൂമറേറ്റർ വിവരങ്ങൾ പുതിയതായി ശേഖരിക്കും.

District Collector Wayanad
Collector Wayanad